## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2853

13.03.2018 - ൽ
മറുപടിയ്ക്ക്

### കൃഷി ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**
ശ്രീ.ജെയിംസ് മാത്യു
ശ്രീ.എം. സ്വരാജ്
ശ്രീ.ഡി.കെ. മുരളി
ശ്രീ.കെ.വി.അബ്ദുൾ ഖാദർ

**മറുപടി**
ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

എ) കാർഷികാഭിവൃദ്ധിക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ അന്ത്യന്താപേക്ഷിതമായതിനാൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനും അവ വിപണിയിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

എ) ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നേഴ്സറികളിൽ കൂടി ഗുണമേൻമയുള്ള നെടിയഇനം തെങ്ങിൻ തൈകൾ, റ്റിx ഡി, ഡിx റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻ തൈകൾ, CGD, COD, MYD ഉൾപ്പെടെ കുറിയ ഇനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽ വിത്തുകൾ, പച്ചക്കറി വിത്തുകൾ 33 സംസ്ഥാന വിത്തുൽപാദന കേന്ദ്രങ്ങൾ വഴിയും, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകളും ലെയറുകളും, അലങ്കാര ച്ചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറിക്കൾച്ചർ & ബയോ ടെക്നോളജി ലാബ് മുഖേന ടിഷ്യുകൾച്ചർ വാഴ തൈകൾ, പച്ചക്കറി തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

1. നടീൽ വസ്തുക്കളുടെ ഉത്പാദനം (വേരു പിടിപ്പിച്ച കുരുമുളക് വള്ളികളുടെ ഉത്പാദനം ഉൾപ്പെടെ)
2. കേര സമൃദ്ധി
3. ഹൈടെക് ഫാമിംഗ് യൂണിറ്റിലുള്ള ഓപ്പറേഷണൽ സപ്പോർട്ടും ടെക്നോളജി സപ്പോർട്ടും
4. ടിഷ്യു കൾച്ചർ ലാബുകളിൽ മാൻ പവർ സപ്പോർട്ട്
5. മാതൃ ഫലവൃക്ഷങ്ങളുടെ പരിപാലനവും പുതിയവ വച്ച് പിടിപ്പിക്കലും
6. വിദേശീയ ഫലവൃക്ഷങ്ങളുടെ പ്രദർശനത്തോട്ടം നിർമ്മിക്കൽ
7. സമ്മിശ്ര കൃഷി വികസന പദ്ധതി
8. കുറിയ ഇനം തെങ്ങുകളുടെ പ്രദർശനത്തോട്ടം നിർമ്മിക്കൽ

9. ഔഷധസസ്യ കൃഷി

10. പുഷ്പ കൃഷി

11. ഫാമുകളിൽ അടിസ്ഥാന സൗകര്യ വികസനം

12. ഫാമുകളിൽ യന്ത്രവൽക്കരണം

13. വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം മുഖേന നടീൽ വസ്തുക്കളുടെ ഉൽപ്പാദനം

| | |
|---|---|
| ബി) ജില്ലാ കൃഷി ഫാമുകളിലും സ്പെഷ്യൽ ഫാമുകളിലും ഉയർന്ന ഉത്പാദനക്ഷമതയുള്ള തൈകളുടെയും വിദേശീയമായ പഴവർഗ്ഗങ്ങളുടെയും ചെടികളുടെയും മാതൃകാ പ്രദർശന തോട്ടങ്ങൾ ഒരുക്കിയിട്ടുണ്ടോ; അറിയിക്കാമോ; | ബി) ജില്ലാ കൃഷി ഫാമുകളിലും, സ്പെഷ്യൽ ഫാമുകളിലും ഉയർന്ന ഉത്പാദന ക്ഷമതയുള്ള തൈകളുടെയും വിദേശീയമായ പഴ വർഗ്ഗങ്ങളുടെയും ചെടികളുടെയും മാതൃകാപ്രദർശനത്തോട്ടങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതി വിവിധ ഫാമുകളിലായി 20 ഹെക്ടറിൽ 100 ലക്ഷം രൂപാ വകയിരുത്തി നടപ്പിലാക്കിവരുന്നു. ഫാമുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ സ്ഥാപിച്ചിട്ടുള്ള ടിഷ്യൂകൾച്ചർ ലാബുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; | സി) നിലവിൽ രണ്ട് ഡിപ്പാർട്ടമെന്റ് ഫാമുകളിലാണ് ടിഷ്യൂകൾച്ചർ ലാബുകൾ സ്ഥാപിച്ചിട്ടുള്ളത്. അവ ജില്ലാ കൃഷി ഫാം അഞ്ചൽ, ജില്ലാ കൃഷി ഫാം തളിപ്പറമ്പ എന്നിവയാണ്. ഈ ഫാമുകളിൽ 8 ലക്ഷം ടിഷ്യൂകൾച്ചർ വാഴതൈകൾ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ഡ്രാഗൺ ഫ്രൂട്ട്, ഓർക്കിഡ് എന്നിവയുടെ ടിഷ്യൂകൾച്ചർ തൈകൾ, ജൈവകീടരോഗ നിയന്ത്രണത്തിനുള്ള സ്യൂഡോമോണസ്, ട്രൈക്കോഡർമ മുതലായവയും ഉൽപ്പാദിപ്പിക്കുന്നു. |
| ഡി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളെ മാതൃകാ ഫാമുകളായി വികസിപ്പിക്കുന്നതിനും വിത്ത് ഉത്പാദന പരിപാടികൾക്കുമായി എത്ര രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളെ മാതൃകാ ഫാമുകളായി വികസിപ്പിക്കുന്നതിനും വിത്ത് ഉത്പാദന പരിപാടികൾക്കുമായി 2017-18 ബജറ്റിൽ 2139 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും - 1379 ലക്ഷം രൂപ<br>ഫാമുകളിൽ അടിസ്ഥാന സൗകര്യ വികസനവും, യന്ത്രവൽക്കരണവും - 760 ലക്ഷം രൂപ<br>**ആകെ - 2139 ലക്ഷം രൂപ** |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ. നം. | ജില്ല | ഫാമിന്റെ പേര് | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | ജില്ലാ കൃഷി ഫാം പെരിങ്ങമ്മല,<br>ബനാന നെഴ്സറി പെരിങ്ങമ്മല | 1<br>1 |
| 2 | കൊല്ലം | ജില്ലാ കൃഷി ഫാം, അഞ്ചൽ | 1 |
| 3 | ആലപ്പുഴ | ജില്ലാ കൃഷി ഫാം, മാവേലിക്കര | 2 |
| 4 | കോട്ടയം | ജില്ലാ കൃഷി ഫാം, കോഴ | 1 |
| 5 | ഇടുക്കി | ജില്ലാ കൃഷി ഫാം, അരീക്കുഴ<br>സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ | 1<br>1 |
| 6 | എറണാകുളം | ജില്ലാ കൃഷി ഫാം, നേരിയമംഗലം | 1 |
| 7 | തൃശ്ശൂർ | ജില്ലാ കൃഷി ഫാം, ചേലക്കര | 1 |
| 8 | പാലക്കാട് | ഓറഞ്ച്&വെജിറ്റബിൾ ഫാം, നെല്ലിയാമ്പതി<br>ഐ.എസ്.ഡി. ഫാം എരുത്തേമ്പതി<br>ഹോർട്ടികൾച്ചർ ഡവലപ്പ്മെന്റ് ഫാം, മലമ്പുഴ | 2<br>1<br>1 |
| 9 | മലപ്പുറം | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി<br>ജില്ലാ കൃഷി ഫാം, ചുങ്കത്തറ | 1<br>1 |
| 10 | കോഴിക്കോട് | ജില്ലാ കൃഷി ഫാം, കൂത്താളി | 2 |
| 11 | കണ്ണൂർ | ജില്ലാ കൃഷി ഫാം, തളിപ്പറമ്പ് | 1 |
| 12 | കാസർഗോഡ് | കാഷ്യൂ പ്രോജനി ഓർച്ചാർഡ് , ആദൂർ | 1 |
| | ആകെ | | 20 |

(ഒപ്പ്)

സെക്ഷൻ ഓഫീസർ